ഉത്തരം

(എ) തൊണ്ട് ചകിരിയാക്കുന്ന മിനി ഡീഫൈബറിംഗ് മെഷീൻ, കയർ പിരിക്കുന്ന ഇലക്ട്രോണിക് റാട്ട്, ആധുനിക തരത്തിലുള്ള വിവിധയിനം കയർ പിരിക്കാവുന്ന ഉല്പാദനക്ഷമത കൂടുതലുള്ള ഓട്ടോമാറ്റിക് സ്പിന്നിംഗ് മെഷീൻ ഉൾപ്പെടെയുള്ള കയർ മെഷീനറി യന്ത്രങ്ങൾ നിർമ്മിച്ച് കയർ മേഖലയിൽ നിയന്ത്രിത യന്ത്രവത്ക്കരണം നടപ്പാക്കിക്കൊണ്ടിരിക്കുകയാണ്. ഇതുവഴി തൊഴിലാളികളുടെ അധ്വാനഭാരം ലഘൂകരിക്കാനും ഉല്പാദനക്ഷമത വർദ്ധിപ്പിക്കാനും തൊഴിലാളികൾക്ക് വരുമാന സ്ഥിരത ഉറപ്പാക്കാനും കഴിയുന്നതാണ്.

(ബി) നിയന്ത്രിത യന്ത്രവത്ക്കരണം നടപ്പാക്കിക്കൊണ്ടിരിക്കുന്നതിലൂടെ പരമ്പരാഗത തൊഴിലാളികൾക്ക് പ്രയോജനം ലഭിക്കുന്നു.

ചകിരിച്ചോറിൽനിന്ന് വൈദ്യുതി

192 (1225) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. ജോസഫ് വാഴയ്ക്കൻ :
ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചകിരിച്ചോറിൽനിന്ന് വൈദ്യുതി ഉൽപാദിപ്പിക്കുന്ന നിലയം സ്ഥാപിക്കുന്നതിനുള്ള പദ്ധതിക്ക് കയർ ബോർഡ് രൂപം നൽകിയിട്ടുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത പദ്ധതി സംബന്ധിച്ച് വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(സി) എത്ര മെഗാവാട്ട് വൈദ്യുതിയാണ് പ്രസ്തുത പദ്ധതി വഴി ഉൽപ്പാദിപ്പിക്കാൻ ഉദ്ദേശിക്കുന്നത് ;

(ഡി) പ്രസ്തുത പദ്ധതിക്കായി സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) ഇല്ല. എന്നിരുന്നാലും ചകിരിച്ചോറ് അഗ്രോവെയ്സുമായി ചേർത്ത് വൈദ്യുതി ഉല്പാദിപ്പിക്കുന്നതിനെ സംബന്ധിച്ച് മുംബെയിലെ ഒരു സ്ഥാപനവുമായി കയർ ബോർഡ് ചർച്ചകൾ നടത്തിയതായും ആവശ്യമായ സ്ഥലവും മുതൽമുടക്കും ഉണ്ടെങ്കിൽ ചകിരിച്ചോറും മേൽപ്പടി വസ്തുക്കളും ചേർത്തുപയോഗിച്ച് വൈദ്യുതി ഉല്പാദിപ്പിക്കാൻ സാധിക്കുമെന്ന് ടി സ്ഥാപനം അവകാശപ്പെട്ടിട്ടുള്ളതായും കയർ ബോർഡ് അറിയിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി&ഡി) കയർ ബോർഡിന്റെ പ്രവർത്തന പരിധിക്കകത്തുനിന്ന് ഇതിനായി നിലയം നിർമ്മിക്കാൻ വ്യവസ്ഥയില്ലെന്നും ചകിരിച്ചോർ മാത്രം ഉപയോഗിച്ചുള്ള വൈദ്യുതി ഉല്പാദനം ലാഭകരമല്ലായെന്നും ഇക്കാരണത്താൽ തുടർ നടപടികളൊന്നും എടുത്തിട്ടില്ലായെന്നും കയർ ബോർഡ് അറിയിച്ചിട്ടുണ്ട്.

കയർത്തൊഴിലാളി സമരത്തിന്റെ ഒത്തുതീർപ്പ് വ്യവസ്ഥകൾ

193 (1226) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കയർമേഖല നേരിടുന്ന പ്രതിസന്ധി പരിഹരിക്കണമെന്ന ആവശ്യം ഉന്നയിച്ചുകൊണ്ട് കയർ തൊഴിലാളികൾ അടുത്ത കാലത്ത് സമരം നടത്തുകയുണ്ടായോ ; പ്രസ്തുത സമരത്തിന്റെ പ്രധാന ആവശ്യങ്ങൾ എന്തെല്ലാമായിരുന്നു ;

(ബി) സമരം ചെയ്ത തൊഴിലാളി സംഘടനാ പ്രതിനിധികളുമായി സർക്കാർ ചർച്ച നടത്തിയിരുന്നോ ; തൊഴിലാളി സംഘടനകളെ പ്രതിനിധീകരിച്ച് ആരെല്ലാമാണ് ചർച്ചയിൽ പങ്കെടുത്തത് ;

(സി) ചർച്ചയുടെ അടിസ്ഥാനത്തിൽ സമരം ഒത്തുതീർപ്പാക്കുകയുണ്ടായോ ; എന്തെല്ലാമായിരുന്നു ഒത്തുതീർപ്പ് വ്യവസ്ഥകൾ ;

(ഡി) ഒത്തുതീർപ്പു വ്യവസ്ഥകൾ നടപ്പാക്കുകയുണ്ടായോ വിശദാംശം നൽകാമോ ?

ഉത്തരം

(എ) കയർ മേഖല നേരിടുന്ന പ്രതിസന്ധി പരിഹരിക്കണമെന്നാവശ്യപ്പെട്ട് കയർ തൊഴിലാളികൾ അടുത്തകാലത്ത് സമരം നടത്തുകയുണ്ടായിട്ടുണ്ട്. കയർ വ്യവസായം സംരക്ഷിക്കുക, തൊഴിലും കൂലിയും ഉറപ്പുവരുത്തുക, തൊഴിൽ അല്ലെങ്കിൽ ആശ്വാസ ധനം നൽകുക, കയർ സംഘങ്ങൾക്ക് കയർഫെഡ് നൽകാനുള്ള 3 കോടി രൂപ നൽകുക, 6 മാസമായി പെൻഷൻ കിട്ടുന്നില്ല, കുടിശ്ശിക ഉടൻ നൽകുക, പെൻഷൻ 1,000 രൂപയായി വർദ്ധിപ്പിക്കുക, തൊണ്ടും ചകിരിയും സംഭരിച്ചു നൽകാനുള്ള നടപടികൾ സ്വീകരിക്കുക, സംഘങ്ങൾക്ക് പ്രവർത്തന മൂലധനം നൽകുക, നിലവിലുള്ള കുടബാധ്യതകൾ എഴുതിത്തള്ളുക, ജപ്തി നടപടികൾ നിർത്തിവയ്ക്കുക, ഉല്പാദനക്ഷമതയുള്ള യന്ത്രവൽകൃത റാട്ടുകളും ലൂമുകളും തൊഴിലാളികൾക്കും അവരുടെ സഹകരണ സംഘങ്ങൾക്കും നൽകുക, ക്രയവില സ്ഥിരതാ പദ്ധതി ഊർജ്ജിതമായി നടപ്പിലാക്കുക എന്നിവയായിരുന്നു സമരത്തിന്റെ പ്രധാന ആവശ്യങ്ങൾ.

LIBRARY ARCHIVES Kerala Legislative Assembly